ഉത്തരം

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ എസ്.എൽ.പി. 691/09 വിധിന്യായ പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നതിനാൽ ഇവയെ നശിപ്പിക്കുന്നത് കോടതിയലക്ഷ്യമാകുന്നതാണ്. ആയതിനാൽ അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസ് 2001 പ്രകാരമുള്ള തെരുവ്നായ നിയന്ത്രണ നടപടികൾ കാര്യക്ഷമമായരീതിയിൽ നടപ്പിലാക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ പൊതു ശ്മശാനങ്ങളുടെ പുനരുദ്ധാരണം

189 (7488) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ പൊതുശ്മശാനം നിലവിലുണ്ട് ; അവയുടെ പുനരുദ്ധാരണത്തിന് ഫണ്ട് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ ;

(ബി) താമരശ്ശേരി, നരിക്കുനി, കട്ടിപ്പാറ, മടവൂർ എന്നിവിടങ്ങളിലെ പൊതുശ്മശാനം ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളിലാണ് പൊതുശ്മശാനങ്ങളുള്ളത്. അരിക്കുളം, ചാത്തമംഗലം, ചെക്യാട്, ചേളന്നൂർ, ചേമഞ്ചേരി, ചെങ്ങോട്ട്കാവ്, ഫറോക്ക്, കടലുണ്ടി, കാക്കൂർ, കാരശ്ശേരി, കട്ടിപ്പാറ, കായണ്ണ, കോടഞ്ചേരി, കൊടിയത്തൂർ, കുറ്റ്യാടി, മടവൂർ, മാവൂർ, നന്മണ്ട, നരിക്കുനി, പനങ്ങാട്, പയ്യോളി, പെരുമണ്ണ, പുറമേരി, പുതുപ്പാടി, തിരുവമ്പാടി, ഉള്ള്യേരി, ഉണ്ണികുളം, വളയം, വാണിമേൽ, വില്യാപ്പള്ളി, കൂടരഞ്ഞി, തലക്കുളത്തൂർ, താമരശ്ശേരി, കരുവട്ടൂർ, പെരുവയൽ, അത്തോളി, കോട്ടൂർ, ആയഞ്ചേരി, നാദാപുരം, വേളം.

കോഴിക്കോട് ജില്ലയിലെ നടത്തറ, ആയഞ്ചേരി, കാരശ്ശേരി, മുക്കം, കാവിലുംപാറ, കൊടിയത്തൂർ, താമരശ്ശേരി, നാദാപുരം, ചെക്യാട്, ചേമഞ്ചേരി, കൂരാച്ചുണ്ട്, നന്മണ്ട, ഉള്ള്യേരി, ചേളന്നൂർ, കോടഞ്ചേരി, കക്കോടി, തിരുവമ്പാടി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) താമരശ്ശേരി ഗ്രാമപഞ്ചായത്തിന് 10 ലക്ഷം രൂപ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കട്ടിപ്പാറ, മടവൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നരിക്കുനി ഗ്രാമപഞ്ചായത്തിൽ നിന്നും പൊതുശ്മശാന നിർമ്മാണ ധനസഹായത്തിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly